പേര് : ഡോ.എം.എ.കോയ
യോഗ്യത : എം.ബി.ബി.എസ്.,ഡി.സി.എച്ച്
രജിസ്റ്റർ നമ്പർ : 6017 ട്രാവൻകൂർ കൊച്ചിൻ കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ

(ജ) Accident–cum-Wound സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(കെ) അല്ല

(എൽ) ഉണ്ട്. 8-1-13 മുതൽ 12-1-13 വരെ, ആറുദിവസം പണിമുടക്കിൽ പങ്കെടുത്തിട്ടുണ്ട്.

(എം) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എൻ) അത്തരത്തിൽ ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

തസ്തിക നിർണ്ണയത്തിലൂടെ പുറത്താകുന്ന അദ്ധ്യാപകരുടെ സ്വയം വിരമിക്കൽ

• 94 (7061) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തസ്തിക നിർണ്ണയത്തിലൂടെ പുറത്താകുന്ന അദ്ധ്യാപകർക്ക് സ്വയം വിരമിക്കലിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സ്വയം വിരമിക്കലിന് പ്രസ്തുത ഉത്തരവ് പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി പ്രവേശനത്തിനായി കായിക താരങ്ങൾക്കുള്ള സംവരണം

95 (7062) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിനായി കായികതാരങ്ങൾക്കായി ഓരോ ജില്ലയിലും എത്ര സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly